**തിരുവനന്തപുരംആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ(A&T) നടപടിക്രമം.**

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം-ആരോഗ്യവകുപ്പ് - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.സ.ഉ.(സാധാ)നമ്പർ 1662/2017/ആ.കു.വ. തീയതി 14/06/2017
2.സ.ഉ.(സാധാ)നമ്പർ 3546/2018/ആ.കു.വ. തീയതി 02/12/2018
3.സ.ഉ.(സാധാ)നമ്പർ 5/2018/ആ.കു.വ. തീയതി 02/01/2018
4.ഉത്തരവ് നം. ഇ.എസ്.1-958/23 ആ.വ.ഡ. തീയതി 11/6/24
5.കുറിപ്പ് നമ്പർ EC3-24630/23/ആ.വ.ഡ. തീയതി 30/11/24

**ഉത്തരവ് നം :ഇ.ജി.2/13554/2023/ആ.വ.ഡ.തിയതി : 06-12-2024**

01/11/2007 മുതൽ 31/12/2012 വരെ ഉള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ പരാമർശം (4) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 520 ആയ ശ്രീ.സജി ജോർജ്ജ് എന്ന ജീവനക്കാരനു 1960 ലെ KCS(CC&A)ചട്ടം 16A പ്രകാരം സർക്കാർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി 2-വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ അല്ലാതെ തടയാൻ താത്കാലികമായി തീരുമാനിച്ചു കൊണ്ട് സർക്കാർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് . ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും KS&SSR Part II Rule 28 (b)(ii) പ്രകാരവും അച്ചടക്ക നടപടിയുടെ പൂർത്തീകരണ സമയത്തു ആവശ്യമെങ്കിൽ പുനഃപരിശോധിക്കുന്നതാണ് എന്ന വ്യവസ്ഥയോടെ നിലവിലുള്ള ഒഴിവിൽ 37400-79000 ശമ്പള സ്കെയിലിൽ ഇതോടൊപ്പം ചേർക്കപ്പെട്ട അനുബന്ധം 1 പട്ടിക പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനു ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഉചിത നിയമനം നൽകേണ്ടതും സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും പ്രവേശന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സ്ഥാനക്കയറ്റം മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ (നിയമാനുസൃതമായി നീക്കി വയ്ക്കേണ്ടത് ഒഴികെ) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ അടിയന്തിരമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ശേഷം പ്രസ്തുത വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന/വിടുതൽ ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ജീവനക്കാരുടെ നിലവിലുള്ള സ്ഥാപനങ്ങൾ മാറിയിട്ടുണ്ടെങ്കിലും ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും ഉള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ PSC റാങ്ക് ലിസ്റ്റ് കാലാവധി ഉടൻ അവസാനിക്കുന്നതിനാൽ അടിയന്തിരമായി പ്രൊമോഷൻ നടത്തി ഒഴിവ് PSC ക്കു റിപ്പോർട്ട് ചെയ്യുണ്ട സാഹചര്യം ഉള്ളതിനാൽ ഈ ഉത്തരവ് പ്രകാരമുള്ള ഒഴിവുകളിലേക്ക് ലഭ്യമായിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ഉദ്യോഗസ്ഥരുടെ സ്ഥല മാറ്റ പരിഗണിക്കാൻ സാധിച്ചിട്ടില്ല .ആയതിനാൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതും ആവശ്യമെങ്കിൽ ഇപ്പോൾ പോസ്റ്റിങ്ങ് നൽകിയിരിക്കുന്ന സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമാണ്.

NB : മേൽ പരാമർശ (4) സീനിയോറിറ്റി പട്ടിക ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP (C ) 12363/18 – ലെ അന്തിമ വിധി ന്യായത്തിന് വിധേയമായിരിക്കുന്നതാണ്.

Signed by Jayasree V
Date: 06-12-2024 16:15:05

അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാരൻ (മേലധികാരി മുഖേന)

പകർപ്പ് :
1.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),തിരുവനന്തപുരം,കണ്ണൂർ
2.ബന്ധപ്പെട്ട സ്ഥാപനമേധാവിമാർ
3.സൂപ്രണ്ട് ,EC Section
4.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
5.ഫയൽ / കരുതൽ ഫയൽ

**അനുബന്ധം**

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര്, പെൻ | ജനന തീയതി | നിലവിലെ സ്ഥാപനം, ജില്ല | സ്ഥാനക്കയറ്റം മുഖേന അനുവദിച്ച ജില്ല | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 520 | സജി ജോർജ് 425151 | 19.05.1977 | താലൂക്കാശുപത്രി ,വിതുര,തിരുവനന്തപുരം | കണ്ണൂർ | |

Signed by Jayasree V
Date: 06-12-2024 15:32:31

അഡീഷണൽ ഡയറക്ടർ (എ&റ്റി)